പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 558

6.3.2012-ലെ മറുപടിയ്ക്ക്

**കിൻഫ്രാ വ്യവസായ പാർക്കിനായുള്ള ഭൂമിയുടെ ഹൈക്കോടതി സ്റ്റേ ഒഴിവാക്കി കിട്ടുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) അങ്കമാലിയിൽ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കിൻഫ്രാ വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷന്റെ ഹൈക്കോടതി സ്റ്റേ ഒഴിവാക്കി കിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ? | (എ) യും ബി)യും ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 33795/2010 എന്ന കേസിലാണ് ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. കേസ് ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലാണ്. 2008-ലെ നെൽവയൽ, തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെയും ബന്ധപ്പെടുത്തിയാണ് ലാൻഡ് അക്വിസിഷൻ നടപടി ചോദ്യം ചെയ്തിരിക്കുന്നത്. ഹൈക്കോടതിയിലെ സിംഗിൾ ബഞ്ചിലും, ഡിവിഷൻ ബഞ്ചിലും നിലവിലുള്ള സമാന സ്വഭാവമുള്ള മറ്റു കേസുകളുമായി ചേർത്ത് ഈ കേസ് പൊതു തീരുമാനത്തിനായി കോടതി മാറ്റി വച്ചിരിക്കുന്നതായിട്ടാണ് അറിയുന്നത്. |

സെക്ഷൻ ഓഫീസർ